**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3935** **17-03-2025 - ൽ മറുപടിയ്ക്ക്**

**വൈക്കം താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി വിഭാഗവും കാത് ലാബും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും താലൂക്ക് ആശുപത്രികളിൽ കാർഡിയോളജി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുന്നതിനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കൊല്ലം ജില്ലയിൽ പുനലൂർ താലൂക്ക് ആശുപത്രിയിൽ ഒരു കാർഡിയോളജിസ്റ്റ് തസ്തിക ഉണ്ട്. |
| (ബി) | ഏതെങ്കിലും താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കാത് ലാബ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ കാത് ലാബ് ആരംഭിക്കുന്നതിനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കാമോ; | (ബി) | എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന് കീഴിൽ ഒരു ആശുപത്രിയിൽ( ജില്ലാ തല ആശുപത്രിയിൽ) ആണ് കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കാൻ നിലവിലെ മാനദണ്ഡപ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ 12 ജില്ലകളിൽ ജില്ലാ തല ആശുപത്രികളിൽ കാത്ത് ലാബ് പ്രവർത്തിക്കുന്നുണ്ട്. മറ്റു രണ്ട് ജില്ലകളിൽ കാത്ത് ലാബ് സജ്ജമായിക്കൊണ്ടിരിക്കുന്നു. സൂപ്പർ സ്പെഷ്യലിറ്റി കേഡർ വിഭാഗത്തിലെ കാർഡിയോളജിസ്റ്റുകൾക്കു പുറമേ കാർഡിയോളജി യോഗ്യതയുള്ള ജനറൽ മെഡിസിൻ സ്പെഷ്യലിസ്റ്റുകളെയും / അസിസ്റ്റന്റ് സർജൻമാരെയും ഉപയോഗപ്പെടുത്തിയാണ് നിലവിൽ ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഒരുക്കി വരുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് പുറമെ എല്ലാ ജില്ലയിലും ജില്ലാ തല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാൽറ്റി സർവീസുകൾ ഒരുക്കുന്നതിനാണ് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ കോട്ടയം മെഡിക്കൽ കോളേജിന് പുറമെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലും കാർഡിയോളോജിസ്റ്റിന്റെ സേവനവും കാത്ത് ലാബ് സൗകര്യവും ലഭ്യമാണ്. 2022 ഫെബ്രുവരി മുതൽ കാഞ്ഞിരപ്പള്ളി ആശുപത്രിയിൽ കാത്ത് ലാബ് പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗവും കാത് ലാബും അനുവദിക്കുന്ന വിഷയം പരിഗണയിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | ഉത്തരം ബി പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ